68

# നഷ്ടപ്പെട്ട അവസരങ്ങൾ

***വായനാഭാഗം #28***

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച.

A. വെള്ളി ഉച്ചകഴിഞ്ഞ്:[1] ബെഥാന്യയിലെത്തുന്നു (യോഹ. 11:55–12:1).

B. ശനി വൈകുന്നേരം: ബെഥാന്യയിൽ ഒരു വിരുന്ന് (മത്താ. 26:6–13; മർക്കൊ. 14:3–9; യോഹ. 12:2–11).

C. ഞായർ ഉച്ചകഴിഞ്ഞ്: യെരുശലേമിലേക്കുള്ള വിജയയാത്ര (മത്താ. 21:1–11; മർക്കൊ. 11:1–11; ലൂക്കൊ. 19:29–44: യോഹ. 21:12–19).

D. തിങ്കൾ: അത്തിയെ ശപിക്കുന്നു, ദൈവാലയത്തെ ശുദ്ധികരിക്കുന്നു, കുരുടനെയും മുടന്തനേയും സൗഖ്യമാക്കുന്നു (മത്താ. 21:12–19; മർക്കൊ. 11:12–19; ലൂക്കൊ. 19:45–48; 21:37, 38).

E. ചൊവ്വ: "ചോദ്യങ്ങളുടെ വലിയ ദിവസം."

1. മുഖവുര:ഉണങ്ങിയഅത്തിവൃക്ഷം (മത്താ. 21:20–22; മർക്കൊ. 11:20–26).

**മുഖവുര**

ചിലപ്പോൾ, എന്റെ പ്രസംഗത്തിലെ മുഖ്യപോയിന്റിൽ എത്തുന്നതിനു മുമ്പ്, എന്റെ വിഷയവുമായി ബന്ധപ്പെട്ട് എനിക്ക് പലകാര്യങ്ങളും വിശദമാക്കേണ്ടിവരും. അവയെല്ലാം ചെയ്തശേഷം നിർത്തിയിട്ട് ഞാൻ പറയും, "അത് എന്റെ *മുഖവുരയാ*ണ് ഇനിയാണ് *പ്രസംഗം*." ഈ വാക്കുകൾ വിശാലമായ വീക്ഷണത്തിന് ഇടയാക്കും – കാരണം പ്രസംഗത്തിന് നൽകപ്പെട്ട സമയത്തിൽ അധികവും ഉപയോഗിച്ചു കഴിഞ്ഞു. ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ പഠനവും അതുപോലെയാണ്: നമ്മുടെ കഴിഞ്ഞ പാഠത്തിൽ "മഖവുര," പുർത്തിയാക്കി, ഇപ്പോൾ "മുഖ്യ പോയിന്റിലേക്ക്" എത്തിയിരിക്കയാണ്!

സുവിശേഷ വിവരണങ്ങളിലെ പ്രാഥമിക പാഠ്യപദ്ധതിയിൽ ആവശ്യമുള്ള ഉപദേശ സത്യങ്ങൾ നൽകിയിട്ടുണ്ട്. എങ്ങനെയായാലും, ആ പാഠ്യപദ്ധതിയുടെ പ്രാഥമികമായ ഉദ്ദേശം യേശുവിന്റെ അവസാന നാളിലെ വ്യക്തിപരമായ ശുശ്രൂഷയിലേക്ക് നമ്മെ ഒരുക്കുക എന്നതായിരുന്നു, അത് അവന്റെ മരണത്താലും ഉയർപ്പിനാലും മുർദ്ധന്യാവസ്ഥയിലെത്തി. റിച്ചാർഡ് റോജേഴ്സ് ഈ പ്രത്യേക കാലയളവിനെ "ലോകത്തെ മാറ്റി[യ] എട്ട് ദിവസങ്ങൾ"[2] എന്നാണ് വിളിച്ചിരുന്നത്. ഏതാണ്ട് സുവിശേഷവിവരണങ്ങളിലെ മൂന്നിൽ–ഒന്ന് ഭാഗവും ആ എട്ട് ദിനങ്ങളിൽ ചെയ്തതായിരുന്നു.[3] യോഹന്നാൻ, പ്രത്യേകിച്ച്, ക്രിസ്തുവിന്റെ ജീവിതാവസാനത്തിലായിരുന്നു ശ്രദ്ധ ചെലുത്തിയത്. യോഹന്നാന്റെ പുസ്തകത്തിലെ ഇരുപത്തി–ഒന്ന് അ

ദ്ധ്യായങ്ങളിൽ ഏതാണ്ട് പകുതിയും യേശു ബെഥാന്യയിൽ എത്തിയ ശേഷം സംഭവിച്ച കാര്യങ്ങളാണ്.

കർത്താവിന്റെ ഭൂമിയിലെ അവസാന ദിനങ്ങളെ "യെരുശലേമിലെ ക്രിസ്തുവിന്റെ ശുശ്രൂഷ," ആയി കണക്കാക്കാം. യേശു മുമ്പ് ഒരിക്കലും (നമുക്കറിയാവുന്നേടത്തോളം) ആ പട്ടണത്തിൽ ഇപ്പോൾ ചിലവഴിച്ചതു പോലെ അധിക സമയവും ഊർജവും ചിലവഴിച്ചിട്ടില്ല. യെരുശലേമിനേയും അതിന്റെ അദ്ധ്യക്ഷൻമാരേയും മാറ്റുവാനുള്ള ആവസാന പരിശ്രമമായിരുന്നു അത് – അവരിൽക്കൂടെ ആദേശത്തെ – യിസ്രായേലിനെ ദൈവപദ്ധതിയിലേക്ക് മടക്കിക്കൊണ്ടുവരുവാനായിരുന്നു.[4] നിർഭാഗ്യവശാൽ, അത് അവസരങ്ങൾ നഷ്ടപ്പെട്ട സമയമായിരുന്നു.

### വിശ്വസിക്കുവാനുള്ള അവസരം
### (മത്താ. 26:6-13; മർക്കൊ. 14:3-9; യോഹ. 11:55-12:11)

"ലോകത്തെ മാറ്റിയ എട്ട് ദിവസങ്ങൾക്ക്" യോഹന്നാൻ ഒരു ആമുഖം നൽകി. അവൻ ആദ്യം പറഞ്ഞത് "യെഹൂദന്മാരുടെ പെസഹ അടുത്തിരുന്നു" എന്നാണ് (യോഹന്നാൻ 11:55). മിസ്രയീമിലായിരുന്ന യിസ്രായേല്യരിൽ നിന്ന് അവരുടെ വീടുകളിൽ കുഞ്ഞാടിന്റെ രക്തം കണ്ടതുകൊണ്ട് ദൈവം അവരെ "കടന്ന് പോയതിനെ" ഓർമിക്കുന്നതായിരുന്നു പെസഹ (പുറപ്പാട് 12:1–28).[5] പെസഹാ പെരുന്നാളിനിടയിൽ, യിസ്രായേൽ മക്കൾ തങ്ങളുടെ പുറപ്പാട് ആരംഭിച്ചപ്പോൾ പെസഹാകുഞ്ഞാടിനെ അറുത്തിരുന്നു.[6] "ഊനമില്ലാത്തതും കോട്ടമില്ലാത്തതും" ആയ "ദൈവത്തിന്റെ കുഞ്ഞാടിനെ" യാഗം കഴിപ്പാൻ യോജിച്ചതായ സമയം ഇതിനേക്കാൾ മറ്റൊന്നില്ല (1 പത്രൊസ് 1:19; യോഹന്നാൻ 1:29).

യോഹന്നാൻ പിന്നെ പറഞ്ഞു, "പലരും തങ്ങൾക്ക് ശുദ്ധിവരുത്തുവാൻ പെസഹക്കു മുമ്പേ നാട്ടിൽ നിന്ന് യെരുശലേമിലേക്ക് പോയി" (യോഹന്നാൻ 11:55). ആത്മീയമായ സന്ദർഭങ്ങൾക്കു മുമ്പ് ശുദ്ധീകരണ ചടങ്ങ് ആവശ്യമായിരുന്നു (പുറപ്പാട് 19:10, 11), പെസഹാപെരുന്നാൾ അടക്കം (2 ദിനവൃത്താന്തം 30:13–20, പ്രത്യേകിച്ച് വാക്യം 17) അശുദ്ധർക്ക് പെസഹാ ഭക്ഷിപ്പാൻ അനുവാദമില്ലായിരുന്നു (യോഹന്നാൻ 18:28 നോക്കുക). പെരുന്നാളിന് വലിയ പുരുഷാരം യെരുശലേമിലേക്ക് ഒഴുകുന്നതുകൊണ്ട്,[7] ശുദ്ധീകരണ ചടങ്ങുകൾ ദിവസങ്ങളോളം നടക്കും. സഞ്ചാരികൾ ആദ്യം തന്നെയെത്തി പങ്കെടുക്കുവാനുള്ള യോഗ്യത ഉറപ്പു വരുത്തിയിരുന്നു. "വലിയ പുരുഷാരം" ഈ പാഠത്തിലും ശേഷം ഉള്ളതിലും പറഞ്ഞിരിക്കുന്നവർ വാസ്തവത്തിലുള്ള പെരുന്നാളിന് ഒരാഴ്ചമുമ്പ് എത്തിയ തീർത്ഥാടകരായിരുന്നു.

യോഹന്നാൻ പറഞ്ഞതനുസരിച്ച്, "ആദ്യം വന്നവർ യേശുവിനെ അന്വേഷിക്കയും ദേവാലയത്തിലിരുന്ന് അന്യോന്യം സംസാരിക്കയും ചെയ്തു, 'നിങ്ങൾ എന്തു വിചാരിക്കുന്നു; അവൻ പെരുന്നാളിന് വരികയില്ലയോ?'" (യോഹന്നാൻ 11:56). പല ആഴ്ചകൾക്കു മുമ്പ് അവൻ ലാസറിനെ ഉയർപ്പിച്ചപ്പോൾ ക്രിസ്തുവിനെ കൊല്ലുവാനായിരുന്നു ഔദ്യോഗിക തീരുമാനം (യോഹന്നാൻ 11:1–53), ഉയർപ്പിച്ചതിന്റെ ആവേശം ചുടുപിടിപ്പിച്ചിരുന്നു (യോഹന്നാൻ 12:9, 17–19 നോക്കുക). "എന്നാൽ മഹാപുരോഹിതൻമാരും പരീശന്മാരും അവനെ പിടിക്കേണമെന്നുവെച്ചു അവൻ ഇരിക്കുന്ന ഇടം

ആരെങ്കിലും അറിഞ്ഞാൽ അറിവ് തരേണമെന്ന് കല്പന കൊടുത്തിരുന്നു" (യോഹന്നാൻ 11:57).[8] യെരുശലേമിലും ചുറ്റുമുള്ള ടൗണുകളിലും വില്ലേജു കളിലും നോട്ടീസുകളും പരസ്യപ്പെടുത്തിയിരിക്കാം.[9] ആളുകൾ യേശുവിനെ കാണുവാനായി കാത്തിരുന്നു എന്നാൽ, അപകടത്തിന്റെ വെളിച്ചത്തിൽ, അവൻ പെരുന്നാളിന് വരികയില്ലാ എന്ന് അവർ വിചാരിച്ചു. യേശു യെരി ഹോവിൽ നിന്നുള്ള തന്റെ അവസാന യാത്ര നടത്തുമ്പോൾ, അവന് വരു വാനുള്ള സ്ഫോടകാത്മകമായ സാഹചര്യത്തെ യോഹന്നാൻ എടുത്തു കാണിച്ചിരിക്കുന്നു.[10]

**അവസരം നൽകി (മത്താ. 26:6-13; മർക്കൊ. 14:3-9; യോഹ. 12:1-9, 11)**

യോഹന്നാൻ 12:1 അനുസരിച്ച്, "പെസഹക്ക് ആറുദിവസം മുമ്പ്," യേശു ബെഥാന്യയിലെത്തി.[11] യെരുശലേമിൽ നിന്ന് "ഏതാണ്ട് രണ്ടു മൈൽ ദൂരെ" ആയിരുന്നു ബെഥാന്യ (യോഹന്നാൻ 11:18),[12] അവിടെ ആയിരുന്നു മറിയയും, മാർത്തയും, ലാസറും പാർത്തിരുന്നത് (യോഹന്നാൻ 11:1). അവിടെ വെച്ചാ യിരുന്നു കുറച്ചു മുമ്പ് ക്രിസ്തു ലാസറെ ഉയർപ്പിച്ചത് (യോഹന്നാൻ 11:2–46; 12:1). ഒരുപക്ഷേ അവൻ ബെഥാന്യയിലെത്തിയത്, വെള്ളിയാഴ്ച സൂര്യാ സ്തമയത്തിന് തൊട്ടു മുമ്പായിരുന്നേക്കാം.[13]

യേശു ശബ്ബത്തിൽ ശാന്തമായി കഴിഞ്ഞിരിക്കാം, തന്റെ സ്നേഹിതരെ സന്ദർശിക്കയും, ഒരുപക്ഷേ പ്രാദേശിക പള്ളിയിൽ ശുശ്രൂഷയിൽ പങ്കെടു ക്കയും ചെയ്തിരിക്കാം. പിന്നെ, ശനിയാഴ്ച വൈകുന്നേരം ശബ്ബത്ത് തീർന്ന ശേഷം യഹുദന്മാരുടെ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ തുടങ്ങിയപ്പോൾ, "അവർ[14] അവന് അവിടെ ഒരു അത്താഴം ഒരുക്കി" (യോഹന്നാൻ 12:2). അത്താഴം "കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിലായിരുന്നു" (മത്തായി 26:6; മർക്കൊസ് 14:3), ഒരുപക്ഷെ മുമ്പ് കർത്താവ് സൗഖ്യപ്പെടുത്തിയ കുഷ്ഠ രോഗിയായിരുന്നേക്കാം.[15] അത് ക്രിസ്തുവിനേയും ലാസറിനേയും ആദരി ച്ചുകൊണ്ടുള്ള വിരുന്നായിരുന്നു (യോഹന്നാൻ 12:2, 9).

ഭക്ഷണത്തിനിടയിൽ, മറിയ യേശുവിനെ അഭിഷേകം ചെയ്യുന്ന സ്പർശി ക്കുന്ന സംഭവം നടന്നു.[16] അവിടെ ഉണ്ടായിരുന്ന ചിലർ മറിയയുടെ പ്രവൃ ത്തിയെ വിമർശിച്ചു,[17] എന്നാൽ യേശു അവളെ അതിന് വളരെ പുകഴ്ത്തി:

> അവളെ വിടുവിൻ; അവളെ അസഹ്യപ്പെടുത്തുന്നത് എന്ത്? അവൾ എ ങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്. ദരിദ്രർ നിങ്ങൾക്ക് എല്ലായിപ്പോഴും അടുക്കെ ഉണ്ടല്ലോ; ഇച്ഛിക്കുമ്പോൾ അവർക്ക് നന്മ ചെയ്‌വാൻ നിങ്ങൾ ക്ക് കഴിയും; ഞാനോ എല്ലായിപ്പോഴും നിങ്ങളോട് കൂടെ ഇരിക്കയില്ല. അവൾ തന്നാൽ ആവത് ചെയ്തു; കല്ലറയിലെ അടക്കത്തിനായി എന്റെ ദേഹത്തിന്മേൽ മുമ്പ് കൂട്ടി തൈലം തേച്ചു; സുവിശേഷം ലോകത്തിലൊ ക്കേയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതു അവളുടെ ഓർമ ക്കായി പ്രസ്താവിക്കും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു (മർക്കൊസ് 14:6–9; മത്തായി 26:10–13 നോക്കുക).[18]

യേശുവും ലാസറും പെരുന്നാളിന് വന്നിട്ടുണ്ടെന്ന വാർത്ത പരക്കു കയും, അവരെ രണ്ടുപേരേയും കാണുവാനുള്ള താൽപര്യത്തോടെ പുരു ഷാരം യെരുശലേമിലേക്ക് ഓടിക്കൂടുകയും ചെയതു (യോഹന്നാൻ 12:9).

ക്രിസ്തുവിന്റെ ശക്തി നേരിട്ട് കാണുവാനുള്ള അവസരമായിരുന്നു അത്. തൽഫലമായി, "യഹുദന്മാരിൽ പലരും ... യേശുവിൽ വിശ്വസിച്ചു" (യോഹന്നാൻ 12:11).

**അവസരം ത്യജിച്ചു (യോഹ. 12:10, 11)**

യഹൂദാദ്ധ്യക്ഷന്മാരിലും അത് സ്പർശിക്കേണ്ടതായിരുന്നു. അതിന് പകരം, പ്രചാരത്തിന്റെ ജ്വാല ഉയർന്നതോടുകൂടി വെറുപ്പിന്റെ തീയും കത്തുവാൻ തുടങ്ങി.[19] ന്യായാധിപസഭയുടെ അടുത്ത ഔദ്യോഗിക തീരുമാനം അവരിൽ ഉളവായ അസൂയ വ്യക്തമാക്കുന്നു: "അവൻ ഹേതുവായി ... അനേകം യെഹുദന്മാർ ചെന്ന് യേശുവിൽ വിശ്വസിക്കയാൽ ലാസരേയും കൊല്ലേണം എന്ന് മഹാപുരോഹിതന്മാർ ആലോചിച്ചു" (യോഹന്നാൻ 12:10, 11). ലാസർ കല്ലറയിൽ നിന്ന് എഴുന്നേറ്റ് നടന്നു എന്നല്ലാതെ അവൻ ഒരു തെറ്റും ചെയ്തിരുന്നില്ല, എന്നാൽ അവർക്ക് അവൻ ഒരു ഭീക്ഷണി ആയിരുന്നു – അതുകൊണ്ട് അവൻ മരിക്കേണമെന്ന് അവർ വിചാരിച്ചു.[20]

## പുകഴ്ത്തുവാനുള്ള അവസരം
## (മത്താ. 21:1-11; മർക്കൊ. 11:1-11;
## ലൂക്കൊ. 19:29-44; യോഹ. 12:21-19)

"അടുത്ത ദിവസം" (യോഹന്നാൻ 12:12),[21] ഒരുപക്ഷേ അത് വൈകുന്നേരമായിരിക്കാം (മർക്കൊസ് 11:11 നോക്കുക), യേശു ബെഥാന്യയിൽ നിന്ന് യെരുശലേമിലേക്കുള്ള രണ്ടുമൈൽ നടന്നു. അവന്റെ നാടകീയമായ പട്ടണ പ്രവേശനത്തെ പൊതുവിൽ "വിജയകരമായ പ്രവേശനം" എന്നാണ് അറിയപ്പെടുന്നത്. നാല് സുവിശേഷ വിവരണങ്ങളിലും അത് പറയുന്നതുകൊണ്ട്, അതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.[22]

**അവസരം നൽകി (മത്താ. 21:1-11;**
**മർക്കൊ. 11:1-11; ലൂക്കൊ. 19:29-38; യോഹ. 12:12-18)**

അന്നത്തെ സംഭവം ആവേശം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി. യേശു ബെഥാന്യ വിട്ട് പോയപ്പോൾ, ഒരുപക്ഷെ താൽപര്യമുള്ള ഒരുകൂട്ടം ആളുകൾ അവനോടൊപ്പം ഉണ്ടായിരുന്നേക്കാം (മത്തായി 21:9; മർ ക്കൊസ്.11:9 നോക്കുക). ബെഥാന്യയുടെ മുകളിലായി ഒലിവുമലയോട് ചേർന്നുള്ള, ഒരു ചെറിയ ടൗണായിരുന്നു ബേത്ത്ഫഗ (മത്തായി 21:1; മർക്കൊസ് 11:1; ലൂക്കൊസ് 19:29).[23] ക്രിസ്തു രണ്ടു ശിഷ്യന്മാരെ കഴുതയേയും കുട്ടിയേയും കണ്ടെത്തുവാനുള്ള നിർദ്ദേശവുമായി ഗ്രാമത്തിലേക്ക് അയച്ചു (മത്തായി 21:1–3).[24] അവർ ആ മൃഗങ്ങളെ കർത്താവിനായി കൊണ്ടുവരികയും അവരുടെ വസ്ത്രങ്ങൾ ഇരിക്കുവാനായി അതിന്മേൽ ഇടുകയും ചെയ്തു (മത്തായി 21:6, 7).

ക്രിസ്തു കഴുതക്കുട്ടിയെ ഒരു യുദ്ധമൃഗമായി തിരഞ്ഞെടുത്തിരിക്കാം.[25] ഞാൻ വളർന്ന പ്രദേശത്ത്, കുതിര സവാരി സാധാരണയായിരുന്നു, എന്നാൽ കഴുതപ്പുറത്ത് സഞ്ചരിക്കുന്നത് ലജ്ജാകരവുമായിരുന്നു. യഹുദന്മാർ മൃഗങ്ങളെ കണ്ടിരുന്നത് വ്യത്യസ്തമായിട്ടായിരുന്നു; പ്രത്യേക അവസരങ്ങളിൽ രാജകുമാരന്മാർ പോലും കഴുതപ്പുറത്ത് യാത്രചെയ്തിരുന്നു.[26] കുതിരയെ യുദ്ധത്തിന്റെ അടയാളമായിട്ടായിരുന്നു കണ്ടിരുന്നത് (ഇയ്യോബ് 39:19–25

നോക്കുക), എന്നാൽ കഴുത സമാധാന ചിഹ്നമായിരുന്നു. സമാധാനപ്രഭു കഴുതപ്പുറത്ത് യാത്രചെയ്യുന്നത് പ്രവചന നിവൃത്തിയായിരുന്നു (മത്തായി 21:4, 5; യോഹന്നാൻ 12:14, 15).[27]

യേശു കഴുതക്കുട്ടിയുടെ പുറത്തു കയറിയപ്പോൾ, പുരുഷാരം റോഡുകൾ അവരുടെ ബാഹ്യവസ്ത്രങ്ങൾ കൊണ്ടും മരത്തിന്റെ ശിഖരങ്ങളും ഇലകളും കൊണ്ട് പരവതാനി വിരിച്ചു (മർക്കൊസ് 11:8).[28] അവരുടെ ആർപ്പുവിളികൾ കുന്നുകളിൽനിന്ന് കുന്നുകളിലേക്ക് മാറ്റൊലിക്കൊണ്ടിരുന്നു:

> ദാവീദ്പുത്രന്ന് ഹോശന്നാ;[29]
> കർത്താവിന്റെ നാമത്തിൽ വരുന്നവൻ
> വാഴ്ത്തപ്പെട്ടവൻ ... (മത്തായി 21:9).
>
> നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യം
> വാഴ്ത്തപ്പെടുമാറാകട്ടെ;
> അത്യുന്നതങ്ങളിൽ ഹോശന്നാ! (മർക്കൊസ് 11:10).
>
> കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ്
> വാഴ്ത്തപ്പെട്ടവൻ; സ്വർഗത്തിൽ സമാധാനവും
> അത്യുന്നതങ്ങളിൽ മഹത്വവും!
> (ലൂക്കൊസ് 19:38).

അവരുടെ പുകഴ്ച്ചയിൽ അധികവും വന്നത് സങ്കീർത്തനങ്ങൾ 118–ൽ നിന്നാണ്,[30] യെരുശലേമിലേക്ക് തീർത്ഥാടകർ പോകുമ്പോൾ പാടിയിരുന്ന ഒരു ഹല്ലേലുയ്യ സങ്കീർത്തനം ആയിരുന്നു അത്. അവരുടെ വാക്കുകളിലെല്ലാം മശിഹാ പദങ്ങൾ നിറഞ്ഞതായിരുന്നു: “ദാവീദ് പുത്രൻ,”[31] “ദാവീദിന്റെ ... ഏക ... രാജ്യം,” “കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ്.” രണ്ടാം പ്രാവശ്യം, ആളുകൾ യേശുവിനെ രാജാവായി കിരീടധാരണം നടത്തുവാൻ ശ്രമിച്ചു (യോഹന്നാൻ 6:15 നോക്കുക).

ക്രിസ്തു വന്നുകൊണ്ടിരിക്കുന്നു എന്ന വാർത്ത യെരുശലേമിലെത്തി. പട്ടണത്തിൽനിന്ന് ഒരു കൂട്ടം ആളുകൾ അവനെ സ്വാഗതം ചെയ്യുവാനെത്തി (യോഹന്നാൻ 12:12, 13, 17, 18). കുരുത്തോലകൾ വീശി,[32] വിഷയം ഏറ്റെടുത്തു: “ഹോശന്നാ! യിസ്രായേലിന്റെ രാജാവായി, കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ” (യോഗന്നാൻ 12:12, 13).

### അവസരം ത്യജിച്ചു
### (ലൂക്കൊ. 19:39-44; യോഹ. 12:19)

മുൻപ് ആളുകൾ അവനെ രാജാവാക്കുവാൻ ശ്രമിച്ചപ്പോൾ അവൻ അതു നിരുൽസാഹപ്പെടുത്തി (യോഹന്നാൻ 6:15). ഈ ആവേശകരമായ പ്രദർശനം അവൻ അനുവദിച്ചത് എന്തിന്? പ്രവചനനിവർത്തീകരണത്തിനു വേണ്ടിയാണ് അവൻ അത് അനുവദിച്ചതെന്ന് വേദഭാഗം പറയുന്നു (മത്തായി 21:4). ഒരുപക്ഷെ മറ്റൊരു കാരണം എന്തെന്നാൽ യെരുശലേമിനെ അവൻ മശിഹ ആണെന്ന് സമ്മതിക്കുന്നതിന് നിർബ്ബന്ധിക്കുവാനുള്ള അവന്റെ അവസാന അവസരമായിരുന്നു അത് (പ്രത്യേകിച്ച് അവിടത്തെ ഉദ്യോഗസ്ഥർ).

യെഹൂദാദ്ധ്യക്ഷന്മാർ, മറ്റൊരു അവസരം കൂടെ നഷ്ടമാക്കി. യേശു ക്രിസ്തു ആയിരിക്കുമെന്ന ചിന്ത പോലും അവരിലില്ലായിരുന്നു, രണ്ടു വിധത്തിലായിരുന്നു അവരുടെ പ്രതികരണം. ആദ്യം അവർ പരാതിപ്പെട്ടു:[33] "ഗുരോ, നിന്റെ ശിഷ്യന്മാരെ വിലക്കുക" (ലൂക്കൊസ് 19:39). അവരുടെ പ്രദക്ഷിണത്തിന്റെ ആരവം ഒരുപക്ഷെ റോമൻ സൈന്യത്തെ പ്രകോപിപ്പിച്ചാലോ എന്ന ഭയത്താലായിരിക്കാം.[34] അവർ യേശുവിനെ മശിഹ എന്നു പ്രഖ്യാപിക്കുന്നതു കേൾക്കുവാൻ അവർക്ക് കഴിയുന്നില്ല, എന്നതാകാം മുഖ്യകാരണം. യേശു മറുപടി പറഞ്ഞു, "അവർ മിണ്ടാതിരുന്നാൽ, കല്ലുകൾ ആർത്തുവിളിക്കും!" (ലൂക്കൊസ് 19:40).

രണ്ടാമത്, അദ്ധ്യക്ഷന്മാർക്ക് അങ്കലാപ്പിലായി. യേശുവിനെ അപകീർത്തിപ്പെടുത്തുവാൻ, അവരാൽ കഴിയുന്നതെല്ലാം അവർ ചെയ്തു. ഒടുവിൽ അവർ തീർച്ചപ്പെടുത്തി "നമുക്ക് ഒന്നും കഴിയുന്നില്ലല്ലൊ" (യോഹന്നാൻ 12:19). "നോക്കുക," അവർ വിലപിക്കയാണ്, "ലോകം അവന്റെ പിന്നാലെ ആയിപ്പോയി." (യോഹന്നാൻ 12:19)! അവർ വിഷമിക്കേണ്ട ഒരു കാര്യവുമില്ല. പുരുഷാരം ചഞ്ചല ഹൃദയരാണ്. അവർക്ക് പെട്ടെന്ന് കർത്താവിനെതിരായി തീരുവാൻ കഴിഞ്ഞിരുന്നു (കഴിയുകയും ചെയ്യും).

പ്രദക്ഷിണം ഒലിവ് മലയുടെ തെക്കെ ചരിവ് ചുറ്റി (ലൂക്കൊസ് 19:37), കെദ്രോൻ താഴ്വരയിലേക്ക് ഇറങ്ങി (ലൂക്കൊസ് 18:1). താഴെയുള്ള ആ കാഴ്ച്ച കണ്ടിട്ട്, ദുഖനിർഭരമായി തീർന്നു (ലൂക്കൊസ് 19:41). അവൻ പട്ടണത്തോട് നിലവിളിച്ചു, "ഈ നാളിൽ നിന്റെ സമാധാനത്തിനായുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു, ഇപ്പോൾ അതു നിന്റെ കണ്ണിന്നു മറഞ്ഞിരിക്കുന്നു" (ലൂക്കൊസ് 19:42).[35] യെരുശലേം മശിഹയെ അറിഞ്ഞിരുന്നു എങ്കിൽ അവർക്ക് സമാധാനം അറിയുവാൻ കഴിയുമായിരുന്നു, എന്നാൽ ആളുകളുടെ ദുരഭിമാനം അവരുടെ കണ്ണുകൾ കുരുടാക്കിയിരുന്നു (മത്തായി 13:15). യെരുശലേം സമാധാനം ആസ്വദിക്കുന്നതിനു പകരം, നാശമാണ് അനുഭവിക്കുവാനിരിക്കുന്നത്:

> നിന്റെ സന്ദർശനകാലം നീ അറിയാത്തതുകൊണ്ട് നിന്റെ ശത്രുക്കൾ നിനക്കു ചുറ്റും വാട കോരി നിന്നെ വളഞ്ഞു നാലുപുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്തു തള്ളിയിട്ടു. നിങ്കൽ കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതിരിക്കുന്ന കാലം വരും (ലൂക്കൊസ് 19:43, 44).

ആ പ്രവചനവിപത്ത് നാല് പതിറ്റാണ്ട് തികയുന്നതിനു മുമ്പ്, റോമോ സൈന്യം പട്ടണത്തെ വളഞ്ഞപ്പോൾ നിറവേറി. എ. ഡി. 70–ൽ ടൈറ്റസ് നഗരം പിടിച്ച് 143 ദിവസം ഉപരോധത്തിലാക്കി. ആറു ലക്ഷം യെഹൂദന്മാർ കൊല്ലപ്പെട്ടു. ആയിരക്കണക്കിനു ആളുകളെ പിടിച്ചുകൊണ്ടുപോയി. യെരുശലേമിനു ദൈവം പ്രത്യേകമായ "സന്ദർശന ... കാലം" അനുവദിച്ചിരുന്നു: അവൻ തന്റെ പുത്രൻ എന്ന വ്യക്തിയായി നഗരത്തിൽ വന്നു (യോഹന്നാൻ 14:19), എന്നാൽ നഗരം അവനെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. അവസാനം, അവസരം നഷ്ടപ്പെടുത്തിയതിനു നഗരം വലിയ വില കൊടുക്കേണ്ടി വന്നു.

യേശുവിന്റെ ശത്രുക്കൾ വിചാരപ്പെട്ടുകൊണ്ടിരുന്നപ്പോൾ, യേശു കരഞ്ഞു; അതേസമയം പുരുഷാരത്തിനു അത് ഒരു ഒഴിവുദിവസ പ്രതീതി

യായിരുന്നു. പ്രദക്ഷിണം ചരിവിലൂടെ താഴ്വരയിലേക്കിറങ്ങി, കെദ്രോൻ നദി കടന്ന്, പട്ടണവാതില്ക്കലെത്തി. അവർ ഇടുങ്ങിയ വീഥിയിലൂടെ കട ന്നുപോയപ്പോൾ, തദ്ദേശവാസികൾ ചോദിച്ചു, "ഇവൻ ആർ?" (മത്തായി 21:10), അവരോട് പറഞ്ഞു, "ഗലീലയിലെ നസറേത്തിൽനിന്നുള്ള പ്രവാചക നായ യേശു." (മത്തായി 21:11).

ആവേശം അലതല്ലി പുരുഷാരം ദൈവാലയത്തിലേക്ക് ഒഴുകിക്കൊണ്ടി രുന്നു. തീർച്ചയായും ഇപ്പോഴായിരുന്നു ക്രിസ്തു തന്റെ രാജ്യം സ്ഥാപി ക്കേണ്ടിയിരുന്നത്! പക്ഷെ അതിനുപകരം, കർത്താവ് "എല്ലാം ചുറ്റും നോക്കി യശേഷം" "നേരം വൈകിയതുകൊണ്ട് പന്തിരുവരോടുകൂടെ ബെഥാന്യ യിലേക്ക് പോയി" (മർക്കൊസ് 11:11). ആളുകൾ എത്ര വിഷമത്തിലും നിരാ ശയിലും ആയി തീർന്നിരിക്കണം! അവർ ഒരുപക്ഷെ പറഞ്ഞു കാണും," നാളെ! ഒരുപക്ഷെ ആ ദിവസം നാളെ ആയിരിക്കാം!"

## നവീകരണത്തിനുള്ള അവസരം
## (മത്താ. 21:12-17; മർക്കൊ. 11:12, 15-19; ലൂക്കൊ. 19:45-48)

### അവസരം നൽകി (മത്താ. 21:12-15; മർക്കൊ. 11:12, 15-17; ലൂക്കൊ. 19:45-47)

അടുത്ത ദിവസം പ്രഭാതത്തിൽ യേശു വീണ്ടും ബെഥാന്യയിൽനിന്നു യെരുശലേമിലേക്ക് പുറപ്പെട്ടു (മർക്കൊസ് 11:12), ഈ പ്രാവശ്യം യാത്ര ശാന്ത മായിരുന്നു. അവന്റെ ലക്ഷ്യസ്ഥാനം ദൈവാലയമായിരുന്നു. തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ അവൻ ദൈവാലയത്തെ ശുദ്ധീകരിച്ചു (യോഹന്നാൻ 2:13–17);[37] ഇപ്പോൾ അവൻ അതിനെ വീണ്ടും ശുദ്ധീകരി ക്കും.[38] ദൈവവുമായുള്ള ശരിയായ ബന്ധം ഇല്ലാതിരുന്നതായിരുന്നു ആ ദേശത്തിന്റെ മുഖ്യ പ്രശ്നം – അതിന്റെ ആരാധന മലീസമമാക്കിയത് അതിന്റെ തെളിവായിരുന്നു.

> യേശു ദൈവാലയത്തിൽ ചെന്നു, ദൈവാലയത്തിൽ വിൽക്കുന്നവരെയും കൊള്ളുന്നവരെയും എല്ലാം പുറത്താക്കി, പൊൻവാണിഭക്കാരുടെ മേശക ളെയും പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങളെയും മറിച്ചുകളഞ്ഞു അവരോട്, "'എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും' എന്നു എഴുതിയിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർക്കുന്നു എന്നു പറഞ്ഞു" (മത്തായി 21:12, 13).

മറ്റൊരു സൂചന എന്തെന്നാൽ പൊതുജനത്തിനു പ്രാകാരത്തോടുള്ള ബഹുമാനക്കുറവുണ്ടായിരുന്നു എന്നതാണ്, പട്ടണത്തിൽ നിന്നു പുറത്തേക്ക് പോകുവാനുള്ള എളുപ്പവഴിയായി ഉപയോഗിക്കുവാൻ അത് ജനത്തിനു തുറന്നു കൊടുത്തിരുന്നു. ക്രിസ്തു അതു നിർത്തി. "ദൈവാലയത്തിൽ കൂടെ കച്ചവടത്തിനു[39] ഒന്നും കൊണ്ടുപോകുവാൻ അവൻ അനുവദിച്ചില്ല" (മർക്കൊസ് 11:16).

ദൈവാലയത്തെ ശുദ്ധീകരിച്ചുകൊണ്ട്, യേശു "ഉപദേശിപ്പാൻ തുടങ്ങി ങ്ങി (മർക്കൊസ് 11:17; ലൂക്കൊസ് 21:37 കൂടെ നോക്കുക), "പുരുഷാരം മുഴുവൻ ക്രിസ്തുവിന്റെ ഉപദേശത്തിൽ വിസ്മയിച്ചു" (മർക്കൊസ് 11:18).

“പിന്നെ കുരുടന്മാരും മുടന്തന്മാരും അവന്റെ അടുക്കൽവന്നു, അവൻ അവരെ സൗഖ്യമാക്കി” (മത്തായി 21:14). ദൈവാലയത്തിൽ വെച്ച് സൗഖ്യമാക്കിയത് രേഖപ്പെടുത്തിയിരിക്കുന്നത് ഇതു മാത്രമാണ്.

തലേദിവസം യേശുവിനു രാജ്യം സ്ഥാപിക്കുവാൻ കഴിയാതിരുന്നതിൽ ചിലർക്ക് നിരാശയുണ്ടായിരുന്നു, പക്ഷെ ആവേശം പൊതുവിൽ തുടർന്നിരുന്നു. മാതാപിതാക്കളോടൊപ്പം[40] ദൈവാലയത്തിൽ വന്ന ബാലന്മാർ തലേദിവസം കേട്ട ആർപ്പുവിളി ശബ്ദം ഉച്ചത്തിൽ ഉച്ചരിപ്പാൻ തുടങ്ങി: “ദാവീദ് പുത്രന്ന് ... ഹോശന്നാ എന്ന് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടിരുന്നു” (മത്തായി 21:15).

**അവസരം ത്യജിച്ചു (മത്താ. 21:15-17)**
**മർക്കൊ. 11:18, 19; ലൂക്കൊ. 19:47, 48)**

“മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവൻ ചെയ്ത അത്ഭുതങ്ങളേയും, ദാവീദ്പുത്രന്ന് ... ഹോശന്നാ എന്നു ദൈവാലയത്തിൽ ആർക്കുന്ന ബാലന്മാരേയും കണ്ടു” (മത്തായി 21:15) – എന്നാൽ അവരുടെ കാഠിന്യമുള്ള ഹൃദയങ്ങളെ അതൊന്നും സ്പർശിച്ചില്ല. “അവർ നീരസപ്പെട്ടു” കർത്താവിനോട് പറഞ്ഞു, “ഇവർ പറയുന്നതു കേൾക്കുന്നില്ലയോ?” (മത്തായി 21:15, 16). യേശു മറുപടി പറഞ്ഞു, “ഉവ്വ്, ‘ശിശുക്കളുടേയും മുലകുടിക്കുന്നവരുടേയും വായിൽനിന്നു നീ പുകഴ്ച്ച ഒരുക്കിയിരിക്കുന്നു എന്നുള്ളതു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ’?” (മത്തായി 21:16).[41]

യെഹൂദമതാധികാരികളുടെ ഹദയങ്ങൾ അലിയുന്നതിനു പകരം, “അവൻ ചെയ്ത അത്ഭുത പ്രവൃത്തികളെല്ലാം അവർ കണ്ടിട്ട്” അവനെ നശിപ്പിക്കേണ്ടത് എങ്ങനെ എന്ന് അന്വേഷിച്ചു (മർക്കൊസ് 11:18; ലൂക്കൊസ് 19:47). എങ്ങനെയായാലും, അവന്റെ പ്രചാരത്തിൽ അവർ അസ്വസ്ഥരായി (മർക്കൊസ് 11:18). “ജനമെല്ലാം അവന്റെ വചനം കേട്ട് രഞ്ജിച്ചിരിക്കയാൽ,” പകൽ അവനെ പിടിപ്പാൻ അവർ ഭയപ്പെട്ടു, അവൻ എവിടെ പാർക്കുന്നു എന്നും അവർ അറിഞ്ഞിരുന്നില്ല.[42]

യേശു പകലിൽ തന്റെ ഉപദേശം തുടർന്നുകൊണ്ടിരുന്നു.[43] പിന്നെ, വൈകുന്നേരമായപ്പോൾ, അവൻ ദൈവാലയം വിട്ട് ബെഥാന്യയിലേക്ക് പോയി (മത്തായി 21:17; മർക്കൊസ് 11:19).[44]

**ഫലം കായ്ക്കുവാനുള്ള**
**അവസരം (മത്താ. 21:18-22; മർക്കൊ. 11:12-14, 20-26)**

ആ നാടകത്തിനിടയിൽ കുഴക്കുന്ന ഒരു സംഭവം നടന്നു. ആ സംഭവിച്ചതിലെല്ലാം ഒരു സ്വഭാവവൈരുദ്ധ്യം ഉണ്ടെന്ന് തോന്നുന്നു, പക്ഷെ യേശുവിന്റെ വ്യക്തിത്വത്തിനു മാറ്റമുണ്ടായി എന്നു പറയാവുന്നതല്ല. യെഹൂദദേശത്തെ കുറിച്ചുള്ള ഒരു പാഠ്യവിഷയമായിട്ടാണ് മിക്ക വ്യാഖ്യാതാക്കളും ആ സംഭവത്തെ കാണുന്നത്.

**അവസരം നൽകി (മത്താ. 21:18, 19)**
**മർക്കൊ. 11:12-14)**

തിങ്കളാഴ്ച്ച വൈകുന്നേരം യേശു യെരുശലേമിലേക്ക് യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ, “അവന്നു വിശന്നു” (മർക്കൊസ് 11:12; മത്തായി 21:18). അവനും തന്റെ ശിഷ്യന്മാരും ബെഥാന്യ വിട്ടത് ഒരുപക്ഷെ ദിവസത്തിലെ

ആദ്യ ഭക്ഷണത്തിനുശേഷമായിരിക്കാം, അതു യെഹൂദന്മാർ കഴിച്ചിരുന്നത് പ്രഭാത–മദ്ധ്യേ ആയിരുന്നു.

"അവൻ ഇലയുള്ളോരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു. അതിൽ വല്ലതും കണ്ടുകിട്ടുമോ എന്നുവെച്ചു ചെന്നു. അതിനരികെ എത്തിയപ്പോൾ ഇലയല്ലാതെ മറ്റൊന്നും കണ്ടില്ല" (മർക്കൊസ് 11:13).[45] "അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു" എന്നാണ് മർക്കൊസ് വിവരിച്ചിരിക്കുന്നത് (മർക്കൊസ് 11:13); പെസഹ വരുന്നത് മാർച്ച് അവസാനമോ അല്ലെങ്കിൽ ഏപ്രിൽ ആദ്യമോ ആയിരിക്കും, എന്നാൽ അത്തിപ്പഴം തുടങ്ങുന്നത് മെയ് അവസാനമോ അല്ലെങ്കിൽ ജൂൺ ആദ്യമോ ആയിരിക്കും.[46] എങ്കിലും, അതിൽ ഇലയുണ്ടായിരുന്നതു കൊണ്ട്, ഫലം കാണും എന്നാണ് യേശു വിചാരിച്ചത്. ഒരു നിയമമായി, ഇലകൾ വരുന്നതിനു മുമ്പ് ഫലം വരണം. എന്നാൽ ഇലകൾ സൂചിപ്പിക്കുന്നത്, അതിൽ കഴിക്കാവുന്ന ചെറിയ കായ്കൾ ഉണ്ടാകുമെന്നാണ്.

അതിനു വിപരീതമായി, ക്രിസ്തു മരത്തിനടുത്ത് എത്തിയപ്പോൾ, "ഇല അല്ലാതെ മറ്റൊന്നും അതിൽ കണ്ടില്ല'' (മർക്കൊസ് 11:13). അവൻ അത്തിയെ കുറ്റം വിധിച്ച് പറഞ്ഞു, "ഇനി നിങ്കൽനിന്ന് എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ!''[47] ഇതു അവന്റെ ശിഷ്യന്മാർ കേട്ടു (മർക്കൊസ് 11:14; കൂടാതെ മത്തായി 21:19 ഉം മർക്കൊസ് 11:21 ഉം നോക്കുക).

**അവസരം ത്യജിച്ചു (മത്താ. 21:20-22; മർക്കൊ. 11:20-26)**

അടുത്ത പ്രഭാതത്തിൽ, യേശുവും പന്തിരുവരും അതേ വഴിയിൽകൂടെ തന്നെ നടന്നു. അവർ അത്തി മരത്തിനടുത്ത് എത്തിയപ്പോൾ, "അത്തിവൃക്ഷം വേരോടെ ഉണങ്ങിപ്പോയതു കണ്ടു" (മർക്കൊസ് 11:20). സാധാരണ അത്തി വൃക്ഷം ഉണങ്ങുവാൻ ആഴ്ച്ചകളും മാസങ്ങളും വേണ്ടി വരും. ആദ്യം, അതിന്റെ ഏതാനും ഇലകൾ തവിട്ടുനിറത്തിലാകും, പിന്നെ അധികം ഇലകൾ നിറം മാറും, അധികനാളുകൾക്ക് ശേഷമാണ് അതു പൂർണ്ണമായി ഉണങ്ങുന്നത്. പക്ഷെ ഈ അത്തി ഒരൊറ്റ രാത്രികൊണ്ട് ഉണങ്ങി പോയി.

ഇവിടെ ഒരു അത്ഭുതം സംഭവിച്ചു എന്നു തീർച്ചയാണ് – അസാധാരണമായ ഒരത്ഭുതം, തീർച്ചയാക്കാം, എന്നിരുന്നാലും ഒരത്ഭുതം. ശിഷ്യന്മാർ അതിശയിച്ചു. പത്രൊസ് പറഞ്ഞു, "റബ്ബീ, നോക്കുക, നീ ശപിച്ച അത്തി ഉണങ്ങിപോയി." (മർക്കൊസ് 11:21). യേശു എന്തിനാണ് ആ അത്ഭുതം ചെയ്തതെന്ന് എഴുത്തുകാർ അതിശയിക്കുന്നു; അവൻ *എങ്ങനെ* അതു ചെയ്തു എന്ന് അറിയുവാൻ പന്തിരുവർ ആഗ്രഹിച്ചു (മത്തായി 21:20).

വിശ്വാസശക്തിയെ കുറിച്ച് യേശു മുൻപ് പഠിപ്പിച്ച ഉപദേശം ആവർത്തിച്ചു (മർക്കൊസ് 11:22–24; മത്തായി 21:21, 22; മത്തായി 17:20 നോക്കുക[48]). പിന്നെ അവൻ മറ്റുള്ളവരോട് ക്ഷമിക്കുന്നതിനെ കുറിച്ച് ഒരു പ്രബോധനവും കൂട്ടിച്ചേർത്തു (മർക്കൊസ് 11:25, 26). അത്തിയെ ശപിച്ചതുകൊണ്ട് അവർക്ക് മനുഷ്യരെ ശപിക്കാം എന്ന ആശയം അവരിൽ വരരുത് എന്ന് കർത്താവ് ആഗ്രഹിച്ചിരിക്കാം.

ആ സംഗതി അവിടെ നിർത്താം, എന്നാൽ ആ അത്ഭുതം ക്രിസ്തു ചെയ്ത മറ്റ് അത്ഭുതങ്ങളെ പോലെ ആയിരുന്നില്ല എന്ന വസ്തുത നിലനിൽക്കുന്നു. മറ്റ് അത്ഭുതങ്ങളെല്ലാം കരുണ നിറഞ്ഞതായിരുന്നു, എന്നാൽ ഈ അത്ഭുതമോ, ന്യായവിധിയുടെ അത്ഭുതമായിരുന്നു. സന്ദർഭം നോക്കിയാൽ, അത് "പ്രവൃത്തിയിലുള്ള ഉപമ" ആയി കാണാതിരിപ്പാൻ പ്രയാസ

മാണ്.[49] യേശു യെരുശലേമിൽ കാണുവാൻ പോകുന്ന ആളുകളും ആ അത്തിവൃക്ഷവും തമ്മിൽ കുശാഗ്രബുദ്ധിയില്ലാത്ത ഒരു സമാനത ഉണ്ടെന്ന് തോന്നുന്നു. ജെ. ഡബ്ലിയു. മെക്ഗാർവേ എഴുതി, “ആ അത്തി വൃക്ഷം തികവുള്ള ഒന്നായി കാണാതിരിപ്പാൻ വായിക്കുന്ന ആർക്കും കഴിയുകയില്ല, കാരണം അതു മറ്റു വൃക്ഷങ്ങളിൽ നിന്നു വേറിട്ടുനിൽക്കുന്നു, അതിന്റെ നാട്യവും, ഫലം കായ്ക്കാതിരിക്കുന്നതും യെഹൂദജനത്തെ പ്രതിനിധാനം ചെയ്യുന്നതാണ്.”[50] യേശുവിനു ചുറ്റും പെസഹാപെരുന്നാളിന്റെ ഉൽസാഹ ത്തിമിർപ്പായിരുന്നു. ആഴമേറിയ ആത്മിയതയുടെ തെളിവായിരുന്നു അതിൽ, (നമ്മുടെ വേദഭാഗം പറയുന്നതുപോലെ) “ഇല അല്ലാതെ മറ്റൊന്നുമില്ലായി രുന്നു” (മർക്കൊസ് 11:13).

വ്യക്തിപരമായ പ്രായോഗികത വരുത്താതിരിക്കുവാനും പ്രയാസമാണ്. ക്രിസ്തുവിന്റെ അനുയായികളായ, നാം ഓരോരുത്തരും “ഫലം കായ്ക്ക ണമെന്നാണ്” ബൈബിൾ പഠിപ്പിക്കുന്നത് (മത്തായി 7:19; മർക്കൊസ് 4:20; യോഹന്നാൻ 15:2, 8, 16; റോമർ 7:4; ഗലാത്യർ 5:22, 23). എങ്ങനെയായാലും, കർത്താവ് നമ്മുടെ ജീവിതത്തെ നോക്കുമ്പോൾ, ഇല അല്ലാതെ മറ്റൊന്നും കാണാതിരിക്കുവാനുള്ള സാധ്യതയുണ്ടോ?

### ഉപസംഹാരം

അവസരങ്ങൾ നഷ്ടപ്പെടുത്തിയതിനെ കുറിച്ചായിരുന്നു ഈ പാഠം. ഗ്രീക്കുകാർ അവസരത്തെ ചിത്രീകരിക്കുന്നത്, ഒരു സ്ത്രീ തന്റെ മുടി ആകൃതി വരുത്തുന്നതുപോലെയാണ്: മുൻപിൽ നീളം കൂട്ടിയും പുറകിൽ നീളം കുറച്ചും. അവൾ വരുമ്പോൾ അവളുടെ മുടിയിൽ പിടിച്ച് അവളെ വലിക്കുവാൻ കഴിയും, പക്ഷെ പോകുമ്പോൾ അത് സാധ്യമല്ല എന്നാണ് അവർ പറയുന്നത്. അവസരങ്ങൾ എന്നേക്കുമായി ഉപേക്ഷിച്ചു കളയുന്ന തിനെയാണ് ആ ചിത്രീകരണം സൂചിപ്പിക്കുന്നത്. ഓരോ അവസരവും പ്രാധാ ന്യമുള്ളതാണ്, അതുകൊണ്ട് നമ്മൾ ആരും അവസരങ്ങൾ പാഴാക്കി കള യരുതെന്ന് പ്രത്യേകിച്ചു പ്രാർത്ഥിക്കുന്നു.

- ക്രിസ്തുവിൽ വിശ്വസിക്കുവാനുള്ള അവസരം.
- കർത്താവിനെ പുകഴ്ത്തുവാനുള്ള അവസരം.
- ആത്മിയ നവീകരണത്തിനുള്ള അവസരം.
- ദൈവത്തിനുവേണ്ടി ഫലം കായ്ക്കുവാനുള്ള അവസരം.

തന്റെ വ്യക്തിപരമായ അവസാന ആഴ്ച്ചയിലെ യേശുവിന്റെ ശുശ്രൂഷ യുടെ ചുരുക്കമാണ് ലൂക്കൊസ് 21:37, 38 നൽകുന്നത്: “അവൻ ദിവസേന പകൽ ദൈവാലയത്തിൽ ഉപദേശിച്ചുപോന്നു, രാത്രി ഒലിവുമലയിൽ പോയി പാർക്കും; ജനം എല്ലാം അവന്റെ വചനം കേൾക്കേണ്ടതിന്ന് അതികാലത്ത് ദൈവാലയത്തിൽ അവന്റെ അടുക്കൽ ചെല്ലും.” ആ ദിവസങ്ങളിൽ ഒന്നിനെ കുറിച്ച് നമ്മുടെ അടുത്ത ചില പാഠങ്ങളിൽ നാം പഠിക്കും: ചൊവ്വ, “ചോദ്യ ങ്ങളുടെ ഒരു വലിയ ദിവസം.”

### പ്രസംഗക്കുറിപ്പുകൾ

ഈ പാഠത്തിനു കൊടുക്കാവുന്ന വേറെ രണ്ടു തലവാചകങ്ങൾ ഇതാ:

"താഴോട്ട് എണ്ണിത്തുടങ്ങിയിരിക്കുന്നു" എന്നതും "ലോകത്തെ മാറ്റിയ എട്ടു ദിവസങ്ങൾ" എന്നതും.

ഈ പാഠത്തിലെ മുഖ്യ സംഭവങ്ങൾ ഓരോന്നും ഒരു പ്രസംഗത്തിനുള്ള അടിസ്ഥാനമാക്കി ഉപയോഗിക്കാം. വിജയകരമായ പ്രവേശനം ക്രിസ്ത്യാനികൾക്ക് ഇഷ്ടപ്പെടുന്ന ഒന്നാണ്. കാപട്യത്തിനുള്ള മുന്നറിയിപ്പായും കർത്താവിനുവേണ്ടി ഫലം പുറപ്പെടുവിക്കേണ്ടതിനുള്ള പ്രബോധനമായും അത്തിവൃക്ഷത്തിന്റെ സംഭവം ഉപയോഗിക്കാം: "ഇല അല്ലാതെ മറ്റൊന്നും ഇല്ല."

ഓരോ വേദഭാഗവും പ്രസംഗങ്ങളുടെ ആരംഭമായി ഉപയോഗിക്കാം: "അവൾ തന്നാലാവത് ചെയ്തു" (മർക്കൊസ് 14:8) എന്നതു പരിചയപ്പെടുത്തി "നമ്മളാലവത് ചെയ്യുവാൻ" തക്കവിധം ഒരു പ്രസംഗം രൂപപ്പെടുത്താം, അല്ലെങ്കിൽ *സ്ത്രീകൾക്ക്* കർത്താവിനുവേണ്ടി എന്തു ചെയ്യാൻ കഴിയുമെന്ന പ്രസംഗം തയ്യാറാക്കാം. "കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്" (ലൂക്കൊസ് 19:31, 34) എന്നത് നമ്മുടെ കഴിവുകൾ, താലന്തുകൾ, സമയങ്ങൾ, സമ്പാദ്യങ്ങൾ എന്നിവ കർത്താവിന്നായി ഉപയോഗിക്കുന്നതിനു നമ്മെ ഓർപ്പിക്കുന്നു. നാം ചിലപ്പോൾ നഷ്ടപ്പെടുന്ന ആത്മാക്കളെ കുറിച്ച് കരുതാതിരിക്കുന്നത്, യേശു യെരുശലേമിനെ കുറിച്ചു കരയുന്നതിന് എതിരാണ് (ഒരു ഉപദേഷ്ടാവ് ആ വേദഭാഗത്തെ ആസ്പദമാക്കിയുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തെ, "നരകത്തിലേക്ക്–ചാഞ്ഞ ലോകത്തിൽ വരണ്ട–കണ്ണുള്ള ഒരു സഭ" എന്നു വിളിച്ചിരിക്കുന്നു.) ഭൂഗർഭ കണ്ടുപിടിത്തങ്ങൾ ബൈബിളിനെ ഉറപ്പിക്കുന്നതാണെന്നു തെളിയിക്കുന്ന പ്രസംഗത്തിനു ഉപയോഗിക്കാവുന്നതാണ് ലൂക്കൊസ് 19:40: "കല്ലുകൾ ആർത്തു വിളിക്കും."

---

കുറിപ്പുകൾ

[1]ആശയവിനിമയ സഹായത്തിനായി, യേശുവിന്റെ അവസാന ദിവസങ്ങളിലെ സംഭവങ്ങൾക്ക് ഞാൻ യെഹൂദന്മാരുടെ ഒന്നാം ദിവസം, രണ്ടാം ദിവസം (അതു തുടങ്ങുന്നതും അവസാനിക്കുന്നതും സൂര്യാസ്തമയത്തിലാണ് എന്നതിനു പകരം വർത്തമാന) കാല രൂപത്തിലാണ് ദിവസങ്ങൾ പറഞ്ഞിരിക്കുന്നത് (അതു തുടങ്ങുന്നതും അവസാനിക്കുന്നതും അർദ്ധരാത്രിയാണ്). [2]റിച്ചാർഡ് റോജേഴ്സ്, ദ ലൈഫ് ഓഫ് ക്രൈസ്റ്റ് ആന്റ് ഹിസ് ടീച്ചിങ്ങ് (ലബക്ക്, ടെക്സ്.:സൺസെറ്റ് ഇന്റർനാഷണൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് എക്സ്റ്റേണൽ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, 1995), 59. [3]ഹെസ്റ്റർ അതിനെ ഇങ്ങനെ പറഞ്ഞു: "യേശുവിന്റെ വാസ്തവത്തിലുള്ള ശുശ്രൂഷയെ വിവരിക്കുന്നതായ അദ്ധ്യായങ്ങളിൽ, ഏതാണ്ട് നാല്പതു ശതമാനവും ആ അവസാന ദിവസങ്ങളിൽ നടന്നിട്ടുള്ളതാണ്" (ലിബെർട്ടി, മോ.:ക്വാളിറ്റി പ്രസ്, 1963), 187. [4]"[യെരുശലേം പട്ടണവും] കൂടെ, കർത്താവിനെ കൈക്കൊണ്ടിരുന്നു എങ്കിൽ എന്തു സംഭവിക്കുമായിരുന്നു? നമുക്ക് ഉത്തരം നൽകുവാൻ കഴിയുകയില്ല. ട്രാജിക്കൽ അന്തിമമായിരുന്നു എന്നു മാത്രമെ നമുക്ക് അറിയാവു." (ബി. എസ്. ഡീൻ, "ആൻ ഔട്ലൈൻ ഓഫ് ന്യൂടെസ്റ്റമെന്റ് ഹിസ്റ്ററി," (*ട്രൂത്ത് ഫോർ ടുഡേ* [മാർച്ച് 1992] :24). [5]*ക്രിസ്തുവിന്റെ ജീവിതം 1 ലെ* "യെഹൂദന്മാരുടെ പെരുന്നാളുകൾ" എന്ന ചാർട്ട് നോക്കുക. അല്പം നിർത്തിയിട്ട്, ഈ പെരുന്നാൾ എങ്ങനെ ആരംഭിച്ചു എന്നു നോക്കുന്നതു വിലയുള്ളതായി തീരും. [6]"പാസ്ച്ചൽ" എന്ന വാക്കിന്റെ അർത്ഥം "പെസഹയുമായി ബന്ധപ്പെട്ട" എന്നതാണ്. ഗ്രീക്ക് വാക്കിൽനിന്നാണ് ആ വാക്ക്

വരുന്നത്, അതു എബ്രായ വാക്കായ “പെസഹക്ക്” ബന്ധമുണ്ടായിരുന്നു. [7]ലൗകിക ഉറവിടങ്ങളനുസരിച്ച്, മൂന്നു മുഖ്യ പെരുന്നാളുകളിലും ജനസംഖ്യ ഏതാണ്ട് ദശലക്ഷങ്ങളോളം തടിച്ചുകൂടും – ആ മൂന്നിൽ വെച്ച് പെസഹ ആയിരുന്നു ഏറ്റവും മുഖ്യമായത്. [8]ഞങ്ങളുടെ പ്രദേശത്താണെങ്കിൽ, ഞങ്ങൾ പറയും, “അവനെ പിടിക്കുവാൻ അവർ വാറന്റ് പുറപ്പെടുവിച്ചിരിക്കുന്നു.” അല്ലെങ്കിൽ അവർ “അവന്റെ തലക്ക് വില പ്രഖ്യാപിച്ചിരിക്കുന്നു.” നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ള പ്രയോഗം നടത്താവുന്നതാണ്. [9]ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത്, ഞങ്ങൾ പറയും, “അവർ” “അവനെ നോട്ടപ്പുള്ളിയായി പ്രഖ്യാപിച്ചു കഴിഞ്ഞു.” [10]ഈ പുസ്തകത്തിൽ ആദ്യം വന്നിട്ടുള്ള “മരണം ആസന്നമാകുമ്പോൾ” എന്ന പാഠത്തിന്റെ ഉപസംഹാരം നോക്കുക.

[11]യെരിഹോവിൽനിന്നു യെരുശലേമിലേക്കുള്ള വിജയയാത്രയിലേക്ക് മത്തായി. മർക്കൊസ്, ലൂക്കൊസ് എന്നിവർ ഉടനെ പോയി (മത്തായി 20:29; 21:1; മർക്കൊസ് 10:46; ലൂക്കൊസ് 19:28, 29). ബെഥാന്യയിലെ അത്താഴത്തെ കുറിച്ച് മത്തായിയും മർക്കൊസും അവരുടെ വിവരണത്തിൽ താമസിച്ചാണ് രേഖപ്പെടുത്തിയത് (മത്തായി 26:6–13; മർക്കൊസ് 14:3–9). എങ്ങനെയായാലും, കാലനിർണ്ണയപ്രകാരം ആ അത്താഴത്തെ കുറിച്ച് എഴുതിയത് യോഹന്നാൻ മാത്രമാണ്. പെസഹക്ക് ആറു ദിവസം മുൻപ് യേശു ബെഥാന്യയിലെത്തി എന്നാണ് യോഹന്നാൻ പറഞ്ഞത് (യോഹന്നാൻ 12:1) പിന്നെ ബെഥാന്യയിലെ വിരുന്നിനു ശേഷം “അടുത്ത ദിവസം” വിജയപ്രവേശന യാത്ര സംഭവിച്ചു എന്നാണ് അവൻ പറഞ്ഞത് (12:12). നാം ബെഥാന്യയിലെ സംഭവങ്ങൾക്ക് യോഹന്നാന്റെ കാലനിർണ്ണയമാണ് പിന്തുടരുന്നത്. [12]യേശുവിന്റെ പാലസ്തീൻ ശുശ്രൂഷാകാലത്തെ ഭൂപടം നോക്കുക. [13]യെഹൂദന്മാർ പെസഹാ ഭക്ഷിച്ചിരുന്നത് അവരുടെ വിശുദ്ധ കലണ്ടറിലെ ഒന്നാം മാസം പതിനാലാം തീയതി വൈകുന്നേരമായിരുന്നു. ആ പ്രത്യേക വർഷം, തിയതി വന്നത് വെള്ളിയാഴ്ച്ചയായിരുന്നു, അതായത്, ശബ്ബത്തിനു തൊട്ടു മുമ്പുള്ള ദിവസം (യോഹന്നാൻ 19:31 നോക്കുക). യേശു ശബ്ബത്തിൽ യാത്ര ചെയ്യുന്നില്ലെങ്കിൽ, ശബ്ബത്തിനു മുമ്പ്, പെസഹ ഭക്ഷിക്കുന്നതിനു ഒരാഴ്ച്ച മുൻപ് അവൻ എത്തി. [14]“അവർ” എന്നു പറഞ്ഞിരിക്കുന്നത് ആരാണെന്നു വേദഭാഗം വ്യക്തമാക്കുന്നില്ല. വിരുന്ന് മാർത്തയുടെ വീട്ടിലല്ല, ശീമോന്റെ വീട്ടിലായിരുന്നതുകൊണ്ട് “അവർ” എന്നു പറഞ്ഞിരിക്കുന്നതിൽ മാർത്തയും മറിയയും മാത്രമായിരുന്നില്ലകർത്താവിന് പ്രത്യേകവിരുന്നൊരുക്കാൻ ഗ്രാമീണരും വന്നിരിക്കാം. പ്രായോഗികമായ മാർത്തയായിരിക്കാം “ശുശ്രൂഷ” ചെയ്തത് (യോഹന്നാൻ 12:2), അതുകൊണ്ടു ഒരു പ്രത്യേക വ്യക്തി അതു സംഭാവനയായി നല്കിയും കാണും. [15]വിവിധ വ്യാഖ്യാതാക്കൾ പറയുന്നതനുസരിച്ച്, ശിമോനായിരിക്കാം മാർത്ത, മറിയ, ലാസർ എന്നിവരുടെ അപ്പൻ. [16]ഇതിനെ ലൂക്കൊസ് 7:36–50 ലെ അഭിഷേകവുമായി തെറ്റിദ്ധരിക്കരുത്. ചില വിശദീകരണങ്ങൾ ഒന്നുതന്നെയാണ്; എന്നാൽ സ്ഥലം, സമയം, സാഹചര്യം, സന്നിഹിതരായവരും, ഫലവും വ്യത്യസ്തമായിരുന്നു. കഴിഞ്ഞ അഭിഷേകത്തിന്റെ കൂടുതൽ വിവരങ്ങൾക്ക് ക്രിസ്തുവിന്റെ ജീവിതം, 2 ലെ “യേശു കരുതുന്നുണ്ടോ?” എന്നും “സ്നേഹം, കണ്ണുനീരും പാപമോചനവുവും” എന്നതും നോക്കുക. [17]ആ വിമർശനം ആദ്യം ഉന്നയിച്ചതു യൂദ ആയിരുന്നു (യോഹന്നാൻ 12:4, 5), ഒരു പക്ഷെ അവനു യേശുവിന്റെ ശാസനയും കിട്ടിക്കാണും. മത്തായിയുടെയും മർക്കൊസിന്റെയും വിവരണത്തിൽ, ബെഥാന്യയിലെ അത്താഴ സംഭവം, യൂദാ ഒറ്റിക്കൊടുത്തശേഷമായിരുന്നു. യൂദാ ഖജനാവ് സൂക്ഷിപ്പുകാരനായിരുന്നു എന്നു വിശദമാക്കുവാനായിരിക്കാം അങ്ങനെ വിവരിച്ചത്. [18]ഈ സംഭവത്തിന്റെ കൂടുതൽ വിവരങ്ങൾക്ക്, ഈ പുസ്തകത്തിൽ പിന്നീട് വരുന്ന “നിങ്ങൾ നിങ്ങളുടെ അലബാസ്റ്റർ പെട്ടി പൊട്ടിച്ചിട്ടുണ്ടോ?” എന്നതു നോക്കുക. [19]ഈ വാചകം എടുത്തിരിക്കുന്നത് ബി. എസ്. ഡീനിന്റെ, “ആൻ ഔട്ട്‌ലെയിൻ ഓഫ് ന്യൂടെസ്റ്റമെന്റ് ഹിസ്റ്ററി,” ട്രൂത്ത് ഫോർ ടുഡേ

മർച്ച്, 1992):24. [20]നമുക്ക് അറിയാവുന്നേടത്തോളം ന്യായാധിപസഭ ആ പ്ലാൻ നടപ്പാക്കിയില്ല. സ്പഷ്ടമായും, യേശുവിനെ ക്രൂശിൽ തറെച്ചപ്പോൾ അവരുടെ രക്തദാഹത്തിനു ശമനം വന്നിരിക്കാം.

[21]അത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം ആയിരുന്നു. അത് ഓർക്കുക, യെഹൂദന്മാർക്ക്, ആഴ്ച്ചയിൽ ജോലി ആരംഭിക്കുന്ന ദിവസം ആയിരുന്നു, വിശ്രമദിവസത്തിനു ശേഷം നവോന്മേഷവാന്മാരായിരുന്നു. പട്ടണം മുഴുവൻ പ്രവൃത്തി നിബിഢമായിരുന്നു. [22]ക്രിസ്തുവിന്റെ ജീവിതം, 1 ലെ "നാല് സുവിശേഷവിവരണങ്ങൾ" നോക്കുക. [23]ബെത്ത്ഫഗയുടെ കൃത്യമായ സ്ഥല നിർണ്ണയം പണ്ഡിതന്മാർക്ക് സാധിച്ചിട്ടില്ല; എന്നാൽ സുവിശേഷവിവരണങ്ങൾ പ്രകാരം, അതു ബെഥാന്യക്കടുത്ത് ഒലിവ് മലയുടെ ചെരുവിലായിരുന്നേക്കാം. [24]ആ മൃഗങ്ങൾക്കുവേണ്ടി ആളയക്കുന്നതിനു മുൻപ് അവയ്ക്ക് വേണ്ട ഏർപ്പാട് യേശു ചെയ്തിരുന്നോ അതോ ആ ഉടമസ്ഥനെ (ഒരുപക്ഷെ അവൻ ഒരു ശിഷ്യനായിരുന്നേക്കാം) കർത്താവിന് പരിചയമുണ്ടായിരുന്നോ എന്നു നമ്മോട് പറയുന്നില്ല. ഒരുപക്ഷെ "കർത്താവിനു ഇതിനെക്കൊണ്ട് ആവശ്യമുണ്ട്" എന്നു കേട്ടപ്പോൾ അനുകൂലമായി പ്രതികരിച്ചതുമാകാം. മത്തായി രണ്ടു മൃഗങ്ങളെ കുറിച്ചു പറയുന്നുണ്ട്, എന്നാൽ മറ്റുള്ളവർ യേശു സഞ്ചരിച്ച മൃഗത്തെ കുറിച്ചു മാത്രമെ പറയുന്നുള്ളു. [25]അതിന്റെ പുറത്ത് ആരും കയറിയിട്ടില്ലാത്തതുകൊണ്ടായിരിക്കാം യേശു കഴുതക്കുട്ടിയെ തിരഞ്ഞെടുത്തത് (മർക്കൊസ് 11:2). വിശുദ്ധകാര്യങ്ങൾക്ക് ഉപയോഗിക്കുവാൻ മൃഗങ്ങളെ ജോലിചെയ്യിക്കുന്നത് അത് അയോഗ്യമാക്കുമെന്നാണ് പല എഴുത്തുകാരും കരുതുന്നത് (സംഖ്യാപുസ്തകം 19:2; ആവർത്തനപുസ്തകം 21:3; 1 ശമുവേൽ 6:7). കഴുതക്കുട്ടിയെ അമ്മയിൽനിന്നു വേർപെടുത്തുവാൻ കഴിയാതിരുന്നതുകൊണ്ടായിരിക്കാം രണ്ടിനേയും കൊണ്ടുവന്നത്. [26]ശലോമോന്റെ സ്ഥാനാരോഹണത്തിനു ഉപയോഗിക്കുവാൻ ദാവീദിന് ഒരു കോവർകഴുത ഉണ്ടായിരുന്നു (1 രാജാക്കന്മാർ 1:33). കുതിരയും കഴുതയും ഇണചേർന്നുണ്ടായതാണ് കോവർകഴുത. [27]ഇതു നിറവേറിയ പ്രാഥമിക പ്രവചനമായിരുന്നു സെഖര്യാവ് 9:9, എന്നാൽ അതിൽ യെശയ്യാവ് 62:11 ലെ വാക്കുകളും ഉൾപ്പെട്ടിരിക്കുന്നു. പ്രവചനത്തിൽ, ഉപയോഗിച്ച പദ്യരൂപമായ "സീയോൻ" യെരുശലേമാണ്. [28]വിവിധ സമൂഹങ്ങളിൽ ആദരണീയരെ ബഹുമാനിക്കുന്നതിനു തറ അലങ്കരിക്കുന്നത് വ്യത്യസ്തമായിട്ടായിരിക്കും. ഈ പാരമ്പര്യമനുസരിച്ച്, വിവാഹച്ചടങ്ങിന് എത്തുന്ന വധു സഞ്ചരിക്കുന്ന വഴിയിൽ ചിലപ്പോൾ പുഷ്പങ്ങൾ വിതറും. കൂടാതെ നാം അത്തരം ആളുകൾക്കായി "ചുവന്ന പരവതാനി വിരിക്കും." [29]"ഹോശന്നാ" എന്നതു എബ്രായപ്രയോഗമായിരുന്നു അർത്ഥം "രക്ഷിക്കുക!" (ഓർവിലേ ഇ. ഡാനിയേൽ, ഏ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്, 2 എഡി. [ഗ്രാൻഡ് റാപ്പിഡ്സ്, മൈക്ക്.:ബേക്കർ ബുക്സ്, 1996], 150). [30]വാക്യം 25 ഉം 26 ഉം പ്രത്യേകിച്ച് ശ്രദ്ധിക്കുക. സങ്കീർത്തനങ്ങൾ 118 ഒരു മശിഹാ സങ്കീർത്തനമായി കണക്കാക്കിയിരിക്കുന്നു. പുതിയനിയമത്തിൽ അടിക്കടി ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങൾ 22 ഉം 23 ഉം പ്രത്യേകിച്ച് ശ്രദ്ധിക്കുക (ഉദാഹരണത്തിന്; മത്തായി 21:42; പ്രവൃത്തികൾ 4:11).

[31]"ഹല്ലേൽ" എന്ന എബ്രായ വാക്കിന്റെ അർത്ഥം "സ്തുതി." [32]യെഹൂദമനസിൽ, കുരുത്തോല വിജയത്തിന്റേയും സന്തോഷത്തിന്റേയും അടയാളമാണ്. [33]ലൂക്കൊസ് 19:39 പറയുന്നതു വിചാരപ്പെട്ടിരുന്നതും പരാതിപ്പെട്ടിരുന്നതും പരീശന്മാരായിരുന്നു എന്നാണ്. [34]പെരുന്നാളിനിടയിൽ യെരുശലേമിൽ, കുഴപ്പമുണ്ടാകാതിരിക്കേണ്ടതിന്, റോമാസൈന്യത്തിന്റെ എണ്ണം വർദ്ധിപ്പിക്കുമായിരുന്നു. രാഷ്ട്രീയ മറിച്ചിടലൊന്നും സംഭവിക്കാത്ത സമാധാന പ്രദക്ഷിണമായിട്ടായിരുന്നു അവർ വിജയപ്രവേശനത്തെ കണ്ടത്, അതുകൊണ്ട് അവർ അതു കാര്യമാക്കിയില്ല. [35]യേശു യെരുശലേമിനെ ചൊല്ലി കരയുന്നതുമായി ലൂക്കൊസ് 13:34, 35 മായി താരതമ്യം ചെയ്യുക (കൂടാതെ, മത്തായി 23:37–39

നോക്കുക). [36]ഈ വേദഭാഗത്തിൽ പറഞ്ഞിരുക്കുന്ന “നിങ്ങളുടെമക്കൾ” എന്നത് യെരുശലേം പൗരന്മാരാണ്. [37]ക്രിസ്തുവിന്റെ ജീവിതം,1 ലെ “എല്ലാറ്റിനും ഒരു ആദ്യമുണ്ട്” എന്ന പാഠം നോക്കുക. [38]മത്തായിയും ലൂക്കൊസും വിജയപ്രവേശനവും ദൈവാലയ ശുദ്ധീകരണവും യോജിപ്പിച്ചാണ് പറഞ്ഞിരിക്കുന്നതെങ്കിൽ, മർക്കൊസ് ദൈവാലയശുദ്ധീകരണം അടുത്ത ദിവസം നടന്നതായാണ് പറഞ്ഞിരിക്കുന്നത് (മർക്കൊസ് 11:1, 11, 12, 15). അതങ്ങനെ ആണെങ്കിൽ, യേശു എന്തുകൊണ്ടാണ് ഞായറാഴ്ച്ച ശുദ്ധീകരിക്കാതിരുന്നത്? യേശു ഞായറാഴാഴ്ച്ച വൈകിയിട്ടായിരിക്കാം ദൈവാലയത്തിലെത്തിയത് (മർക്കൊസ് 11:11). ചിലർ വിചാരിക്കുന്നത് കച്ചവടത്തിനു വന്നവർ വൈകുന്നേരം വീടുകളിലേക്ക് പോയിരിക്കാം എന്നാണ്. മറ്റുള്ളവർ വിചാരിക്കുന്നത്, യേശു ഞായറാഴ്ച്ച എത്തിയതു പരിശോധിച്ചിട്ട് പിറ്റേദിവസം ചെയ്യേണ്ടത് അറിയേണ്ടതിനാണ് എന്നാണ്. ആ ചോദ്യത്തിനുള്ള ഉത്തരം “നമുക്ക് അറിയില്ല” എന്നതാണ്. [39]പാത്രങ്ങൾ, വീട്ടുപകരണങ്ങൾ, മുതലായവയെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന വാക്കാണ് ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്ന “മെർച്ചന്റൈസ്” എന്നത്. [40]യേശു പന്ത്രണ്ടു വയസായപ്പോൾ യോസേഫിനോടും മറിയയോടുംകൂടെ ദൈവാലയത്തിൽ പോയതുപോലെ ചെന്നവരായിരുന്നു ആ ബാലന്മാർ (ലൂക്കൊസ് 2:41–51).

[41]ആ ഉദ്ധരണി സെപ്ത്വജിന്റിലെ സങ്കീർത്തനങ്ങൾ 8:2 ൽനിന്നാണ്. [42]യൂദാ ഉടനെ അവർക്കു വേണ്ടി അതു പരിഹരിക്കും. [43]യവനന്മാർ യേശുവിനെ അന്വേഷിച്ചതിൽ ചില യോജിപ്പുകൾ നമുക്ക് കാണുവാൻ കഴിയും (തൽഫലമായ ഉപദേശവും; (യോഹന്നാൻ 12:20–50) അതു സംഭവിച്ചതു തിങ്കളാഴ്ച്ചയായിരിക്കാം. വേറെ ചിലർ വിചാരിക്കുന്നതു അതു യോജിക്കുന്നതു തിരക്കിട്ട ചൊവ്വാഴ്ച്ചയിലായിരിക്കുമെന്നാണ്, ഞാൻ ബാഹ്യരൂപരേഖയിൽ അതാണ് ഇട്ടിരിക്കുന്നത്. [44]യേശു സ്പഷ്ടമായും ആ ആഴ്ച്ചയിൽ രാത്രി താമസിച്ചിരുന്നത് പല വീടുകളിലായിരുന്നു (ലൂക്കൊസ് 21:37 നോക്കുക). ഒരുപക്ഷെ അതുകൊണ്ടായിരിക്കാം അവൻ രാത്രിയിൽ എവിടെയായിരിക്കുമെന്ന് കണ്ടുപിടിക്കുവാൻ ന്യായാധിപസഭക്ക് പ്രയാസം നേരിട്ടത്. [45]മരത്തിൽ ഫലമില്ല എന്നു യേശുവിനറിയില്ലായിരുന്നു എന്നത് അവൻ തന്റെ ദൈവിക ശക്തിയിൽ ചിലത് സ്വർഗത്തിൽ വെച്ചിട്ടാണ് വന്നത് എന്നു കരുതാം (ഫിലിപ്പിയർ 2:6, 7) – ഈ കാര്യത്തിൽ അവന്റെ സർവ്വജ്ഞാനത്വം (മത്തായി 24:36 കൂടെ നോക്കുക). [46]മത്തായി 24:32 നോക്കുക. സാധാരണ വിളവ് പഴുക്കുന്നത് മെയ് അവസാനമോ അല്ലെങ്കിൽ ജൂൺ ആദ്യമോ ആയിരിക്കും; ചിലപ്പോൾ ആഗസ്റ്റിലോ അല്ലെങ്കിൽ സെപ്റ്റംബറിലോ താമസിച്ചുള്ള വിളവെടുപ്പുമുണ്ടാകും. [47]തിങ്കളാഴ്ച്ച രാവിലെയും ചൊവ്വാഴ്ച്ച രാവിലെയും നടന്ന സംഭവങ്ങളും അത്തിയുടെ സംഭവവും യോജിപ്പിച്ചാണ് മത്തായി വിവരിച്ചിരിക്കുന്നത്; അതുകൊണ്ട് അവൻ എഴുതി, “ഉടനെ അത്തി ഉണങ്ങിപ്പോയി.” (മത്തായി 21:19). ശിഷ്യന്മാർ അത് അടുത്ത ദിവസമാണ് കണ്ടതെങ്കിലും, അത്തി ഉടനെ ഉണങ്ങിത്തുടങ്ങിയിരുന്നു. [48]*ക്രിസ്തുവിന്റെ ജീവിതം*, 4 ലെ “എന്റെ അവിശ്വാസത്തിന് പൊറുക്കേണമേ” എന്ന പാഠം നോക്കുക. [49]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ് (നാഷിലേ:ബ്രോഡ്മാൻ പ്രസ്, 1961), 250. [50]മെക്ഗാർവേ, ഈ മുന്നറിയിപ്പ് വാക്ക് നൽകിയിരിക്കുന്നു: “നാം അതു പ്രായോഗികമാക്കുവാൻ യേശു സൂചന നൽകാതിരിക്കുന്നതുകൊണ്ട്, ആ ഉപമ ഉറപ്പായി പ്രായോഗികമാക്കുവാൻ സാധ്യമല്ല.” (ജെയഡബ്ല്യു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ. പെൻലെറ്റൺ, ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ് [സിൻസിനാറ്റി:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914], 581–82).

[51]നിങ്ങളുടെ അവതരണം അവസാനിപ്പിക്കുമ്പോൾ വേണമെങ്കിൽ പാഠത്തിലെ മുഖ്യ പോയിന്റുകൾ നിങ്ങൾക്ക് ആവർത്തിച്ച് പറയാം.